# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.2916 19.06.2014 ലെ മറുപടിയ്ക്ക്

## കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ | ശ്രീ.വി.കെ.ഇബ്രാഹിംകുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവർത്തന രീതി വിശദമാക്കാമോ; | (എ) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, വേണ്ടത്ര യന്ത്ര സാമഗ്രികൾ ഉള്ളവരും, നിശ്ചിത സമയ പരിധിക്കകം പ്രവർത്തികൾ ചെയ്തു പൂർത്തിയാക്കുന്നവരുമായ പൊതുമരാമത്ത് വകുപ്പിലെ രജിസ്റ്റേർഡ് കോൺട്രാക്ടർമാരുടെ ഒരു പാനൽ തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത പാനലിൽപ്പെട്ട കരാറുകാരിൽ നിന്ന് രേഖാമൂലം ചുരുങ്ങിയ നിരക്ക് ലഭ്യമാക്കി, ആയതിന്റെ അടിസ്ഥാനത്തിലാണ് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ പബ്ലിക് ടെണ്ടറുകളിൽ പങ്കെടുക്കുന്നത്. കമ്പനിയുടെ ടെണ്ടർ ഓഫർ പ്രകാരം അവാർഡ് ചെയ്തു കിട്ടുന്ന പ്രവൃത്തികൾ നികുതി ബാദ്ധ്യത കഴിച്ച് 5% ലാഭം വീതം കിട്ടത്തക്ക വിധത്തിൽ സബ് കോൺട്രാക്ട് ചെയ്തു നൽകുന്നു. കൂടാതെ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിക്കുന്ന സർക്കാരിന്റെയോ മറ്റ് സ്ഥാപനങ്ങളുടെയോ നിർമ്മാണ പ്രവൃത്തികൾ 07.09.2007 ലെ ജി.ഒ.(പി)നം.408/2007/ഫിൻ നമ്പർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ടെണ്ടർ ചെയ്യുകയും സർക്കാർ ടെണ്ടർ കമ്മിറ്റിയുടെ അംഗീകാരത്തോടെ ആയത് കരാർ വച്ച് വർക്ക് നടത്തുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത സ്ഥാപനത്തിൽ സാങ്കേതികവും അല്ലാത്തതുമായ എത്ര ജീവനക്കാരുണ്ട്; ഇവരുടെ തസ്തിക തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ; | (ബി) | കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനിലെ സാങ്കേതികവും അല്ലാത്തതുമായ ജീവനക്കാരുടെ വിവരങ്ങൾ അനുബന്ധം-A ആയി ചേർത്തിട്ടുണ്ട്. |
| (സി) | കഴിഞ്ഞ അഞ്ചുവർഷ ക്കാലത്തിനിടെ ഇവർ ഏറ്റെടുത്തതും പൂർത്തിയാക്കിയതും പൂർത്തിയാക്കാത്തതുമായ എത്ര പദ്ധതികളുണ്ടെന്ന് വിശദീകരിക്കാമോ; | (സി) | കഴിഞ്ഞ 5 വർഷക്കാലത്തിനിടെ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ 166 പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. പൂർത്തിയാക്കിയതും, പൂർത്തിയാക്കാത്തതുമായ പദ്ധതികളുടെ വിവരം അനുബന്ധം - B യും C യും ആയി ചേർത്തിട്ടുണ്ട്. |
| (ഡി) | കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് ഏതെല്ലാം യന്ത്ര സാമഗ്രികളും നിർമ്മാണോ പകരണങ്ങളും സ്വന്തമായുണ്ട് ; ഇവയുടെ പട്ടിക നൽകാമോ? | (ഡി) | കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് സ്വന്തമായി യന്ത്ര സാമഗ്രികളോ, നിർമ്മാണ ഉപകരണങ്ങളോ ഒന്നും തന്നെയില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്